(സി) വേഗതാപരിധി പാലിക്കുന്നതിൽ ഏതെങ്കിലും വാഹനങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ ; എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഇളവ് അൻവദിച്ചതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവിധ വാഹനങ്ങളുടെ വേഗപരിധി പുതുക്കി പുറപ്പെടുവിച്ച വിജ്ഞാപനം (SRO നമ്പർ 192/2014)ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസിൽ ബസ് സർവ്വീസ്

326 (332) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസിൽ ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ വികസന സമിതി പ്രമേയം പാസാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ബൈപ്പാസിൽ ബസ് സർവ്വീസ് ഇല്ലാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസ് റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്നതിലേക്കായി 2 ഷെഡ്യൂളുകൾക്ക് കെ.എസ്.ആർ.ടി.സി. അനുമതി നൽകിയിട്ടുണ്ട്. ബസ്സിന്റെ ലഭ്യതയനുസരിച്ച് ടി സർവ്വീസുകൾ ആരംഭിയ്ക്കാവുന്നതാണ്.

(സി) നിലവിൽ തിരുവമ്പാടി യൂണിറ്റിൽ നിന്നും തൊണ്ടയാട് ബൈപ്പാസ് രാമനാട്ടുകര വഴി കോഴിക്കോട് യൂണിവേഴ്സിറ്റിയിലേക്ക് കെ.എസ്.ആർ.ടി.സി.-യുടെ 2 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ജൻറാം പദ്ധതി പ്രകാരം പുതിയതായി ലഭിക്കുന്ന ബസ്സുകൾ പ്രയോജനപ്പെടുത്തി ടി റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly